സൊസൈറ്റി രജിസ്ട്രേഷൻ നിയമങ്ങളിൽ വ്യവസ്ഥയില്ല. ആയതിനാൽ, സർക്കാർ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ ഏതെല്ലാമാണെന്നുള്ള വിവരം വേർതിരിച്ച് നൽകാൻ നിർവ്വാഹമില്ല.

(ബി) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സംഘടന 491/95-ാം നമ്പരായി 24-6-1995-ൽ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘടനയ്ക്ക് എത്ര തുക സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) 24-6-1995-ൽ രജിസ്റ്റർ ചെയ്യപ്പെട്ട പ്രസ്തുത ഫൗണ്ടേഷന്റെ ലക്ഷ്യങ്ങൾ, ആദ്യ ഭാരവാഹികളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്ന നിയമാവലിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ടി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽ അഴിമതി നടന്നിട്ടുള്ളതായി ആരോപിച്ചുകൊണ്ടുള്ള പരാതി, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ സ്റ്റാഫ് അസോസിയേഷനിൽനിന്നും തിരുവനന്തപുരം സൊസൈറ്റി രജിസ്ട്രാർക്ക് [തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ)] ലഭിച്ചിട്ടുണ്ട്.

വിവരാവകാശ കമ്മീഷൻ സമർപ്പിച്ച വാർഷിക റിപ്പോർട്ടുകൾ

15 (7571) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവരാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിൽ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) കമ്മീഷൻ ഇതിനകം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരാവകാശ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചശേഷം 2005-06 മുതൽ 2010-11 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി നിയമമനുസരിച്ച് സമർപ്പിച്ചിട്ടുണ്ട്.

(ബി) വിവരാവകാശ കമ്മീഷന്റെ അതത് വർഷത്തെ പ്രവർത്തനങ്ങളുടെ സമഗ്രമായ വിലയിരുത്തലാണ് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത റിപ്പോർട്ടിൽ കമ്മീഷൻ പ്രത്യേകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാറില്ല.

(സി) 2005-06 മുതൽ 2010-11 വരെയുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടുകൾ കമ്മീഷന്റെ വെബ്സൈറ്റിലും (www.keralasic.gov.in) ലഭ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly